## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4394      19.10.2011- ൽ മറുപടിയ്ക്ക്

### കാർഷിക രംഗത്തെ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) മറ്റു സംസ്ഥാനങ്ങളിൽ ഉണ്ടായ കാർഷിക പുരോഗതിയുമായി തട്ടിച്ചുനോക്കുമ്പോൾ കേരളം കാർഷികരംഗത്ത് വേണ്ടത്ര പുരോഗതി നേടിയിട്ടില്ല എന്ന വസ്തുത സംബന്ധിച്ച് വിലയിരുത്തൽ നടത്തുമോ; | എ) മറ്റ് സംസ്ഥാനങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഭക്ഷ്യ വിളകളുടെ കാര്യത്തിൽ കേരളം വേണ്ടത്ര പുരോഗതി നേടിയിട്ടില്ല എന്ന വസ്തുത യാഥാർത്ഥ്യമാണെങ്കിലും നാണ്യവിളകളുടെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെക്കാൾ കേരളം മുന്നോക്കാവസ്ഥയിലാണ്. സംസ്ഥാന സർക്കാർ ദീർഘ വീക്ഷണത്തോടെയുള്ള കാർഷിക വികസന പദ്ധതികളിലൂടെ കാർഷിക പുരോഗതിക്ക് അശ്രാന്ത പരിശ്രമം ചെയ്യുകയാണ്. ഇതിന്റെ ഭാഗമായി സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി (2800 ലക്ഷം) കാർഷിക യന്ത്രവൽക്കരണം, തരിശു ഭൂമി കൃഷി എന്നിവ നടപ്പാക്കി വരുന്നുണ്ട്. നെല്ലിനും തെങ്ങിനും പച്ചക്കറിക്കും ഉള്ള സമഗ്ര കാർഷിക പദ്ധതികൾ വെവ്വേറെ നടപ്പാക്കി വരുന്നുണ്ട്. ഇതു കൂടാതെ യുവാക്കൾ, വനിതകൾ, സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, എന്നിവർക്കും ഭക്ഷ്യ വിളകൾക്കായി പദ്ധതി നടപ്പാക്കി വരുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം 51553 ലക്ഷം രൂപയുടെ കാർഷിക വികസന പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. |

കാർഷികമേഖലയിൽ കാലാനുസൃതം വരുത്തേണ്ട മാറ്റങ്ങളും യന്ത്രവൽകരണവും നടപ്പിലാക്കാത്തതിന്റെ ഫലമായി ഭക്ഷ്യോൽപാദനരംഗത്ത് സ്വയം പര്യാപ്തത നേടാൻ കഴിയാതെ പോയി എന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

ബി) കേരളത്തിന്റെ കാർഷിക മേഖലയിൽ സാദ്ധ്യമായ രീതിയിൽ കാലാനുസൃതമായ മാറ്റങ്ങൾ നടപ്പിലാക്കുന്നുണ്ട്.

സി) സംസ്ഥാനത്തെ കാർഷിക പുരോഗതിക്കായി സർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നുണ്ടോ?

സി) ഉണ്ട്.

സെക്ഷൻ ഓഫീസർ